# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 567 12/6/2012 - ൽ മറുപടിക്ക്

## കെ.എസ്..എഫ്.ഡി.സി യുടെ സിനിമാ തിയേറ്ററുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(ബഹു: വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.എഫ്.ഡി.സിയുടെ ഉടമസ്ഥതയിലുള്ള സിനിമാ തിയേറ്ററുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) . കെ.എസ്.എഫ്.ഡി.സിയുടെ കീഴിലുള്ള എല്ലാ തിയേറ്ററുകളിലേയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും നവീകരിക്കുവാനുമുള്ള പ്രരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള കൈരളി തിയേറ്ററുകൾ വിഭജിച്ച് ആധുനിക സൗകര്യങ്ങളോട് കൂടിയ രണ്ടു തിയേറ്ററുകളാക്കി മാറ്റുവാനും തിരുവനന്തപുരത്തുള്ള കലാഭവൻ തിയേറ്റർ അത്യാധുനിക രീതിയിലുള്ള പ്രൊജക്ഷൻ, ശബ്ദ സംവിധാനങ്ങളോടെ നവീകരിക്കുവാനുമുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ എന്നിവിടങ്ങളിലെ കൈരളി /ശ്രീ തിയേറ്ററുകളിൽ ഇതിനകം തന്നെ ഇ. ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം തിയറ്ററുകളിലാണ് സൗകര്യ വർദ്ധന ഇപ്പോൾ നടന്നുവരുന്നത്; ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം കൈരളി, ശ്രീ, കലാഭവൻ കോഴിക്കോട് കൈരളി, ശ്രീ എന്നീ തിയേറ്ററുകളിലാണ് ഇപ്പോൾ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്, നവീകരണ പ്രവർത്തനങ്ങൾ തുടങ്ങി നാലു മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ